പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 2751 12.02.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ് പി

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ കുറവ് സംഭവിച്ചിട്ടില്ല. 2016 വർഷത്തിൽ 10,334, 2017-ൽ 11,647, 2018-ൽ 12887 പേർക്കും ആണ് നിയമനം ലഭിച്ചിട്ടുള്ളത്. |
| (ബി) | വിവിധ വകുപ്പുകളിലെ അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെയുള്ള താല്ക്കാലിക നിയമനങ്ങൾ വ്യാപകമായിട്ടുള്ളതിനാൽ ഇത്തരം ജീവനക്കാർക്ക് നിശ്ചിത ശമ്പള സ്കെയിലുകളും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നടത്തുന്ന നിയമനങ്ങളിൽ ശമ്പള സ്കെയിൽ പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നുണ്ട്. എല്ലാ തൽക്കാലിക നിയമനങ്ങളും എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമെ നടത്താവൂ എന്ന പൊതു നിർദ്ദേശം നിലവിലുണ്ട്. |
| (സി) | സംസ്ഥാനത്തെ എംപ്ലോയമെന്റ് എക്സ്ചേഞ്ചുകൾ സമഗ്രമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ സമഗ്രമായി നവീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർഥികളുടെ നൈപുണ്യവികസനം ലക്ഷ്യമിട്ടുകൊണ്ട് എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ പദ്ധതികളും കരിയർ വികസനം ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഡെവലപ്മെന്റ് സെന്ററുകളും നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുന്നതിന് നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) **എംപ്ലോയബിലിറ്റി സെന്റർ**<br>കേരളത്തിലെ എംപ്ലോയ് മെന്റ് എക് സ് ചെയ്ഞ്ചുകളെ തൊഴിൽ നൈപുണ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 -13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാനസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ .ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br>നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br>2) **മോഡൽ കരിയർ സെന്റർ**<br>നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ നേടാൻ അവസരമൊരുക്കുക, വിദ്യാർത്ഥികളുടെ അഭിരുചിയും താല്പര്യവും ശാസ്ത്രീയമായി അപഗ്രഥിച്ച് അവർക്കനുയോജ്യമായ ഉന്നത പഠന കോഴ്സുകൾ കണ്ടെത്തുവാൻ സഹായിക്കുക, മത്സര പരീക്ഷാ പരിശീലനം നൽകുക, തുടങ്ങി ഒരു വ്യക്തിക്ക് നല്ലൊരു കരിയർ രൂപപ്പെടുത്തുന്നതിനാവശ്യമായ എല്ലാ സൗകര്യവും സൗജന്യമായി പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ് |

| | | | |
|---|---|---|---|
| | | | മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് മോഡൽ കരിയർ സെന്റർ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് മോഡൽ കരിയർ സെന്റർ ആരംഭിച്ചിട്ടുള്ളത്. കരിയർ കൗൺസിലിംഗ്, സ്കിൽ മാപ്പിംഗ്, ICT ലാബ്, സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരുമായി കൈകോർത്തുകൊണ്ടു കൃത്യമായ ഇടവേളകളിൽ മോഡൽ കരിയർ സെന്റർ ജോബ് ഫെയറുകളും പ്ലേസ്മെന്റ് ഡ്രൈവുകളും സംഘടിപ്പിച്ചു വരുന്നു. എല്ലാ മേഖലയിലുമുള്ള തൊഴിൽ അവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് കണ്ടെത്തി നൽകുന്നതിനായി കാറ്റഗറി തിരിച്ചു പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നു.<br>3) **കരിയർ ഡെവലപ്മെന്റ് സെന്റർ**<br>സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതനപ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ്, റെസ്യൂമെ പ്രിപ്പറേഷൻ, പ്രിഇന്റർവ്യൂപരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സരപരീക്ഷ പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻ കരയിലും പാലോട്ടും ആലപ്പുഴ ജില്ലയിലെ കായംകുളത്തും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br>4) **നിയുക്തി മെഗാ ജോബ് ഫെയർ**<br>അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കു സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി 2015 വർഷം മുതൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തി പോലുള്ള ജോബ് ഫെയറുകൾ വഴി ഉദ്യോഗദായകരെയും ഉദ്യോഗാർഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ട് വന്ന് ഉദ്യോഗദായകർക്കു അവരുടെ ഒഴിവുകൾക്കു അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്തു അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു.<br>5) **കമ്പ്യൂട്ടറൈസേഷൻ**<br>എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ, പുതുക്കൽ, അധിക യോഗ്യത ചേർക്കൽ തുടങ്ങിയ പ്രവർത്തികൾ ഓൺ ലൈൻ ആക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിലെ മുഴുവൻ ഓഫീസുകളും ഈ സാമ്പത്തികവർഷം ഇ-ഓഫീസ് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ